(25) കണ്ണൂർ, കാസർകോട് ജില്ലകളെ ബന്ധിപ്പിക്കുന്ന തലിച്ചാലം അണക്കെട്ടിന്റെ ശോചനീയാവസ്ഥ

ശ്രീ. ഒ. രേതൻ: സർ, കണ്ണൂർ, കാസർകോട് ജില്ലകളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നതും, ഇരുജില്ലകളെയും ബന്ധിപ്പിക്കുന്നതുമായ തലിച്ചാലം അണക്കെട്ടും, പാലവും തകർന്നുകൊണ്ടിരിക്കുകയാണ്. കായലോര കൃഷിക്കാരുടെ നെൽപ്പാടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനാണ് തലിച്ചാലം അണക്കെട്ട് പണിതത്. 1952-ൽ 10 ലക്ഷം രൂപയുടെ ചെലവിൽ പണിത 175 മീറ്റർ നീളമുള്ള അണക്കെട്ടിന്റെ ഓരോ ഭാഗവും തകർന്ന് വീണുകൊണ്ടിരിക്കുന്നു. കഴിഞ്ഞ 20 വർഷമായി അണക്കെട്ടിന്റെ അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. അണക്കെട്ടിന്റെ തൂണുകളിലെ വിള്ളലിലൂടെ ഉപ്പുവെള്ളം ചോരുന്നതു കാരണം അണക്കെട്ട് ഏതു സമയവും നിലം പതിച്ചേയ്ക്കും. ഈ അണക്കെട്ടിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു അത് പ്രയോജനപ്രദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഇതിന് രണ്ടു പ്രാവശ്യം ടെൻഡർ വിളിച്ചു. ആദ്യം ടെൻഡർ വിളിച്ച് ഒരാൾ ഏറ്റെടുത്തു, അയാൾ അനാസ്ഥ കാണിച്ച് വർക്ക് നടത്തിയില്ല. അത് ടെർമിനേറ്റ് ചെയ്ത് രണ്ടാമത് ടെൻഡർ വിളിച്ചു. രണ്ടാമത് ടെൻഡർ വിളിച്ചപ്പോൾ ആരും വന്നില്ല. ഇനി മൂന്നാമത് ടെൻഡർ വിളിച്ചിരിക്കുകയാണ്. പക്ഷേ പണവും കുറവാണ്. ഇങ്ങനെയുള്ള പരിതഃസ്ഥിതികളും, ബുദ്ധിമുട്ടുകളും, പ്രയാസങ്ങളുമൊക്കെ ഇതിനുണ്ട്. ആ നൂലാമാലകൾ അഴിച്ച് എത്രയും വേഗം ഇതിന്റെ പണികൾ തീർക്കുന്നതിനു വേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

(26) പട്ടയം നൽകുന്നതിനുള്ള കാലതാമസം

ശ്രീ. രാഘവൻ പൊഴക്കടവിൽ: കേരളത്തിലെ വനഭൂമികളിൽ 1977-ന് മുമ്പ് കുടിയേറി പാർത്തു വരുന്ന ഒരു ലക്ഷത്തിൽപരം മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള ജോയന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടും കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള കാലതാമസം മൂലം അവർക്ക് ഐ. ആർ. ഡി. പി. ലോൺ, ബാങ്ക് ലോൺ, ഭവന നിർമ്മാണ വായ്പ തുടങ്ങിയ ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾപോലും ലഭിയ്ക്കാതെ വിഷമിക്കുന്നു. കാർഷിക പരിഷ്കരണ നിയമം നടപ്പിലായപ്പോൾ ജന്മിത്വം അവസാനിപ്പിച്ചപ്പോൾ കൃഷിഭൂമി കൃഷിക്കാരനും, കുടികിടപ്പുകാരനും ലഭിച്ചു. എന്നാൽ 2-ാം ലോകമഹായുദ്ധത്തിൽ പട്ടിണി കിടന്ന് പൊരിഞ്ഞ നാടിനെ രക്ഷിക്കാൻ അന്നത്തെ സർക്കാരിന്റെ ആഹ്വാനമനുസരിച്ച് വന്യമൃഗങ്ങളോടും, മലമ്പനിയോടും മല്ലടിച്ച് ക്ഷ്യധാന്യ വിഭവങ്ങൾ ഉണ്ടാക്കിയ മലയോര കർഷകരുടെ ജന്മി സർക്കാരാണ്. അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്ക് കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടിയെടുക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 1977 ജനുവരി 1-ന് മുമ്പ് വർഷങ്ങളായി ഭൂമി കൈവശം വച്ച് അനു

LIBRARY ARCHIVES Kerala Legislative Assembly